"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടനാട് വില്ലേജിൽ ബ്ലോക്ക് നം. 32, റീസർവ്വേ നം.277/3-ൽ പ്പെട്ട സ്ഥലത്തുനിന്നും കൊമേഴ്സ്യൽ കെട്ടിടം (പൗൾട്രി ഫാം) നിർമ്മിക്കുന്നതിന്റെ ഭാഗമായി 650 ക്യൂബിക് മീറ്റർ (1625 മെട്രിക് ടൺ) കരിങ്കല്ല് നീക്കം ചെയ്യുന്നതിന് ശ്രീ.അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.20/2026/ID തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 09.09.2024-ലെ ശ്രീ.അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം സമർപ്പിച്ച അപേക്ഷ.
3. 09.09.2024-ലെ കടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച SC1-BA(289987)/2024 നമ്പർ ബിൽഡിംഗ് പെർമിറ്റും/ഡെവലപ്പ്മെന്റ് പ്ലാനും.
4. 05.04.2025-ലെ പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOPLA/2727/2024-L4 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം.
5. 02.06.2025-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOT-DMG/1593/2024-M നമ്പർ കത്ത്.
6. 03.11.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/1583/2025-M4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടനാട് വില്ലേജിൽ ബ്ലോക്ക് നം. 32, റീസർവ്വേ നം.277/3-ൽ പ്പെട്ട സ്ഥലത്ത് കൊമേഴ്സ്യൽ കെട്ടിടം (പൗൾട്രി ഫാം) നിർമ്മിക്കുന്നതിനായി കരിങ്കല്ല് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം എന്നവ്യക്തി കോട്ടയം ജില്ല ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷയിന്മേൽ ജില്ലാ ആഫീസിൽ നിന്നും 18.10.2024, 28.10.2024 തീയതികളിൽ സ്ഥലപരിശോധന നടത്തുകയും, ചട്ടം 104 പ്രകാരമുള്ള പ്രത്യേകാനുമതി നൽകാവുന്നതാണെന്ന് കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ശിപാർശ ചെയ്തിരിക്കുന്നു. കടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച പരാമർശം(3) ബിൽഡിംഗ് പെർമിറ്റ്, ഡെവലപ്പ്മെന്റ് പ്ലാൻ, പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം(4) നിരാക്ഷേപ സാക്ഷ്യപത്രം, എക്സ്പ്ലോസീവ്സ് ഉപയോഗിക്കില്ലെന്നുള്ള അഫിഡവിറ്റ്, തിരിച്ചറിയൽ രേഖ, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവയും അപേക്ഷകൻ ഹാജരാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മീനച്ചിൽ താലൂക്കിൽ കടനാട് വില്ലേജിൽ ബ്ലോക്ക്-32, റീസർവ്വേ നം. 277/3-ൽ ഉൾപ്പെട്ട ശ്രീ.അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു നിന്നും കൊമേഴ്സ്യൽ കെട്ടിട (പൗൾട്രി ഫാം) നിർമ്മാണത്തിന്റെ ഭാഗമായി കടനാട് ഗ്രാമപഞ്ചായത്ത് അനുവദിച്ച ഡെവലപ്പ്മെന്റ് പ്ലാൻ പ്രകാരമുള്ള 650 ക്യൂബിക് മീറ്റർ (1625 മെട്രിക് ടൺ) കരിങ്കല്ല് നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുവാൻ ചട്ടം 104 പ്രകാരമുള്ള അനുമതി നൽകാവുന്നതാണെന്ന് പരാമർശം(6) പ്രകാരം മൈനിംഗ് & ജിയോളജി ഡയറക്ടർ ശിപാർശ ചെയ്തിരിക്കുന്നു.

2).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെയും, പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നിരാക്ഷേപ പത്രത്തിന്റെയും അടിസ്ഥാനത്തിൽ

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ കടനാട് വില്ലേജിൽ ബ്ലോക്ക് നം. 32, റീസർവ്വേ നം.277/3-ൽ പ്പെട്ട സ്ഥലത്തുനിന്നും കൊമേഴ്സ്യൽ കെട്ടിടം (പൗൾട്രി ഫാം) നിർമ്മിക്കുന്നതിന്റെ ഭാഗമായി 650 ക്യൂബിക് മീറ്റർ (1625 മെട്രിക് ടൺ) കരിങ്കല്ല് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് ശ്രീ.അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം എന്ന വ്യക്തിക്ക് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം 104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അവധി ദിവസങ്ങളിൽ ഖനന പ്രവർത്തനങ്ങൾ നടത്തരുത്.
2.അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ പ്രകാരമുള്ള 650 ക്യൂബിക് മീറ്റർ കരിങ്കല്ലിന് മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസിൽ മുൻകൂറായി റോയൽറ്റി അടക്കേണ്ടതാണ്.
3.സ്ഫോടകവസ്തു ഉപയോഗിച്ച് ഖനനം നടത്താൻ പാടുള്ളതല്ല. ടി നിബന്ധന ലംഘിക്കുന്ന പക്ഷം അനുമതി പൂർണമായും റദ്ദാക്കുന്നതും പ്രസ്തുത പ്രവൃത്തി അനധികൃത ഖനനമായി കണക്കാക്കി കെഎംഎംസി ചട്ടം 108(2) പ്രകാരം നടപടി എടുക്കുന്നതാണ്.
4.പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയാകാത്ത രീതിയിൽ ധാതു നീക്കം നടത്തേണ്ടതാണ്.
5.പാലാ റവന്യൂ ഡിവിഷണൽ ആഫീസർ അനുവദിച്ച നിരാക്ഷേപ സാക്ഷ്യപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ഖനനം നടത്തേണ്ടതാണ്.

6.ജില്ലാ സ്ക്വാഡ് സ്ഥലം പരിശോധിച്ച് അനധികൃത ഖനനം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് നൽകേണ്ടതുമാണ്.

7.കോട്ടയം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

8.ചട്ടം 104 പ്രകാരം നൽകിയ അനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
ശ്രീ.അരുൺ സോമി, ഉറുമ്പുകാട്ടു ഹൗസ്, കടനാട് പി.ഒ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 06-01-2026 12:52:47